കൃഷ്ണ കൃഷ്ണ മഹാഭാഗ ഹേ രാമാമിതവിക്രമ
ഏഷ ഘോരതമോ വഹ്നിസ്താവകാൻ ഗ്രസതേ ഹി ന: (10-17-23)
സുദുസ്തരാന്ന: സ്വാൻ പാഹി കലാഗ്നേ: സുഹൃദ: പ്രഭോ
ന ശക്നുമസ്ത്വച്ചരണം സംത്യക്തുമകുതോഭയം (10-17-24)

*ശുകമുനി തുടർന്നു:*
കാളിയൻ കാളിന്ദിയിൽ കഴിഞ്ഞുപോരാൻ കാരണമുണ്ടായിരുന്നു. എല്ലാ പൗർണ്ണമിയിലും സർപ്പങ്ങൾ ഗരുഡന് അർഘ്യം നൽകുക പതിവുണ്ടായിരുന്നു. കാളിയൻ അതിനു വിഘ്നം വരുത്തി. സ്വന്തം ശക്തിയിൽ അഭിമാനവും ഗർവ്വും ഉണ്ടായിരുന്നു കാളിയന്. ഗരുഡനും കാളിയനും തമ്മിൽ കഠിനമായ ഒരു യുദ്ധം തന്നെയുണ്ടായി. ഗരുഡന്റെ കഠിനതാഡനമേറ്റ കാളിയൻ കാളിന്ദീ നദിയിൽ വീണു. ഈ ജലം ഗരുഡന് അപ്രാപ്യമായിരുന്നു. ഒരിക്കൽ അതിൽ നിന്നൊരു മീൻപിടിച്ചതിൽ ക്രുദ്ധനായ സൗഭരി മുനി ഗരുഡനെ ശപിച്ചിരുന്നു. നീ ഇനി ഈ ജലത്തിൽ നിന്ന് ഏതൊരു ജീവിയെയും പിടിച്ചാൽ ആ നിമിഷം നീ മരിക്കും. കാളിയന് മാത്രമേ ഈ ശാപത്തെപ്പറ്റി അറിവുണ്ടായിരുന്നുള്ളൂ. അതുകൊണ്ട് കാളിന്ദിയിൽ അഭയം തേടി ജിവിക്കുകയായിരുന്നു അവൻ. എന്നാൽ ഇപ്പോൾ ഈ തടാകം വിട്ട് പോകേണ്ടി വന്നുവെങ്കിലും കൃഷ്ണൻ നൽകിയ പരമരക്ഷ അവനു കൂട്ടുണ്ടായിരുന്നു. ഗരുഡൻ നിന്നെ ശല്യപ്പെടുത്തുകയില്ല. എന്റെ കാലടികൾ നിന്റെ ഫണത്തിൽ പതിഞ്ഞതാണല്ലോ.

കൃഷ്ണൻ വിഷലിപ്തമായ ജലത്തിൽനിന്ന് കരയേറിയപ്പോൾ ഏവരും ആഹ്ലാദിച്ചു. മരിച്ചതുപോലെ മോഹാലസ്യപ്പെട്ട് കിടന്നവർകൂടി എഴുന്നേറ്റുവന്നു. കൃഷ്ണന്റെ ഉൺമയെപ്പറ്റി അറിവുണ്ടായിരുന്ന ബലരാമൻ ഉറക്കെപ്പൊട്ടിച്ചിരിച്ചു. രാമന് കൃഷ്ണന്റെ ചെയ്തികളിൽ അത്ഭുതമോ ഭയമോ ഉണ്ടായിരുന്നില്ല. ബ്രാഹ്മണർ നന്ദന്റെ അടുക്കൽ വന്ന് ഉപദേശിച്ചു. "ഈശ്വരാനുഗ്രഹംകൊണ്ട് താങ്കളുടെ മകൻ അത്യാപത്തിൽ നിന്ന് രക്ഷപെട്ടു. നന്ദിസൂചകമായി ബാഹ്മണർക്ക് ദാനം നൽകി അവരുടെ അനുഗ്രഹം വാങ്ങിയാലും." അങ്ങിനെ നന്ദൻ ബ്രാഹ്മണർക്ക് പശുക്കളും സ്വർണ്ണവും ദാനമായി നൽകി.

ജനക്കൂട്ടം മുഴുവനും അന്നുരാത്രി നദീതീരത്തു കഴിച്ചുകൂട്ടാൻ തീരുമാനിച്ചു. അന്നത്തെ സംഭവങ്ങളെല്ലാം കഴിഞ്ഞ് എല്ലാവരും തളർന്നിരുന്നു. പാതിരാവായപ്പോൾ ചുറ്റിലും കാട്ടുതീ പടരുന്നത് അവർ കണ്ടു. ചൂടു സഹിക്കാനാവാതെ അവർ കൃഷ്ണനോടിങ്ങിനെ പ്രാർത്ഥിച്ചു. "കൃഷ്ണാ ഭഗവാനേ തുല്യശക്തിയുള്ള രാമാ ഈ കൊടുംചൂട് ഞങ്ങളെ പൊള്ളിക്കുന്നു. പ്രഭോ രക്ഷിച്ചാലും. ഞങ്ങൾ അവിടുത്തേതു മാത്രമാണല്ലോ. അഭയമൂലസ്ഥാനമായ അവിടുത്തെ പാദങ്ങൾ വിട്ട് ഞങ്ങൾക്കാശ്രയമൊന്നുമില്ല തന്നെ. "

ആളുകളുടെ ദയനീയാവസ്ഥ കണ്ട് മനമലിഞ്ഞ കൃഷ്ണൻ ആ കാട്ടുതീയെ അപ്പാടെ വിഴുങ്ങിക്കളഞ്ഞു.